(സി) സൗത്ത് ഇന്ത്യൻ ഫെഡറേഷൻ ഓഫ് ഫിഷർമെൻ സൊസൈറ്റി പുറപ്പെടുവിച്ചിട്ടുള്ള വില വിവരപ്പട്ടിക മത്സ്യഫെഡിൽ ലഭ്യമല്ല. അന്താരാഷ്ട്ര തലത്തിൽ ജപ്പാൻയെന്നിന്റെ വിനിമയ മൂല്യം 99 ആഗസ്റ്റിന് മുമ്പ് 100 യെന്നിന് 35-38 രൂപയും ആഗസ്റ്റിനുശേഷം 100 യെന്നിന് 41-43 രൂപയും ആയിരുന്നു. വിനിമയമൂല്യം കുറവായ സമയത്ത് ഇറക്കുമതി ചെയ്തിട്ടുള്ള എഞ്ചിനുകളാണെങ്കിൽ കുറഞ്ഞവിലയ്ക്ക് വിൽപ്പന സാധ്യമായിരിക്കും. മത്സ്യഫെഡിന് ഒ. ബി. എം. വിൽപ്പനയിൽ യാതൊരു കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കാത്ത സാഹചര്യത്തിൽ വളരെ മിതമായ ലാഭത്തിൻമേലാണ് എഞ്ചിനുകൾ വിറ്റുവരുന്നത്. 1999 നവംബർ മാസത്തിൽ 25 എച്ച്. പി. സുസുക്കി എഞ്ചിന് മത്സ്യഫെഡ് 79500 രൂപ വില ഈടാക്കിയിരുന്നു.

മത്സ്യഫെഡിന്റെ വിവിധ ഇൻഷ്വറൻസ് പദ്ധതികൾ

20 (2895) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡ് വിവിധ ഇൻഷ്വറൻസ് പദ്ധതികൾക്കായി ഏത് സ്ഥാപനവുമായാണ് കരാറുകൾ ഉണ്ടാക്കിയിട്ടുള്ളത് ;

(ബി) സർക്കാരിൽ നിന്നും നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും ഉണ്ടായിരുന്നിട്ടും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന്റെ കാരണം അറിയിക്കാമോ ;

(സി) ഇൻഷ്വറൻസ് പദ്ധതികൾക്കായി 1998-99, 1999-2000 എന്നീ വർഷങ്ങളിൽ ഓരോ ഇനത്തിലും പ്രീമിയമായി എത്ര രൂപ ഈ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നാഷണൽ ഇൻഷ്വറൻസ് കമ്പനിയുമായി.

(ബി) വിവിധ ജനറൽ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും നിരക്ക് വാങ്ങിയതിനുശേഷം മത്സ്യത്തൊഴിലാളികൾക്കും മത്സ്യഫെഡ് ജീവനക്കാർക്കും ഏറ്റവും ഗുണകരവും മത്സ്യഫെഡിന് ഏറ്റവും ലാഭകരവുമായ നിരക്ക് നൽകിയ കമ്പനിയുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. മത്സ്യഫെഡ് ഒരു സഹകരണ അപെക്സ് സ്ഥാപനമാണ്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് വേണ്ടിയായിരുന്നു സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നത്.

(സി) 1998-99, 1999-2000 വർഷങ്ങളിൽ നാഷണൽ ഇൻഷ്വറൻസ് കമ്പനിക്ക് വിവിധ പദ്ധതികൾക്കായി നൽകിയിട്ടുള്ള പ്രീമിയം താഴെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി	1998-99 (രൂപ)	99- 2000 (രൂപ)
1. മത്സ്യത്തൊഴിലാളികൾക്കുള്ള ജനതാ അപകട ഇൻഷ്വറൻസ് പദ്ധതി	16,99,526	17,80,000
2 മത്സ്യ ബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി		71,00,080 (മൂന്നുവർഷത്തേയ്ക്ക് (2001-2002 വരെ)
3 ജീവനക്കാർക്കുള്ള മെഡി. ക്ലെയിം പദ്ധതി	4,83,603	5,76,472

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) മത്സ്യ ബോർഡിൽ ഇൻഷ്വറൻസ് സംബന്ധിച്ച ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല.

(ജി) എല്ലാവർഷവും ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ ഏറ്റവും കൂടുതൽ ഇൻഷ്വറൻസ് ആനുകൂല്യം വാഗ്ദാനം ചെയ്യുന്നവർക്കാണ് കരാർ നല്കുന്നത്. 1999-2000-ൽ അഖിലേന്ത്യാ തലത്തിൽ കാണിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ് പ്രീമിയം നല്കിയിട്ടുള്ളത്. പ്രീമിയം തുക മത്സ്യത്തൊഴിലാളികളിൽനിന്നും പിരിച്ചെടുക്കുകയാണു ചെയ്യുന്നത്.

കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട്

21 (2896) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത് എന്നാണ് ;

(ബി) പ്രസ്തുത ഹാർബറിന്റെ എസ്റ്റിമേറ്റ് കോസ്റ്റ് എത്രയാണ് ;

(സി) പ്രോജക്ടിന്റെ മോഡൽ സ്റ്റഡി നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ഇത് പൂർത്തീകരിക്കുവാൻ കഴിയും എന്നറിയിക്കുമോ ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ള ഫിഷിംഗ് ഹാർബറുകളുടെ മുൻഗണനാ ലിസ്റ്റിൽ എത്രാമത്തേതാണ് പ്രസ്തുത പ്രോജക്ട് എന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രസ്തുത പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly